**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 91** **10-10-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ എം മുകേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത നടപടികളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസരംഗത്ത് എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് ദൃശ്യമായതെന്നും വിശദമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം മെച്ചച്ചെടുത്തുന്നതിനായി വ്യത്യസ്ത തലങ്ങളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) യുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടു കൂടി പൊതുവിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ജനകീയമായ ഇടപെടലിലൂടെയുള്ള പാഠ്യപദ്ധതി പരിഷ്കരണ നടപടിക്രമങ്ങളെ 2024 ലെ (UNESCO) യൂത്ത് റിപ്പോർട്ടിൽ പരാമർശിച്ചത് സംസ്ഥാനത്തിന് ലഭിച്ച അംഗീകാരമാണ്. 1, 3, 5, 7, 9 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ 2024 ജൂൺ മാസത്തിൽ ആരംഭിച്ച അധ്യയനവർഷത്തിൽ കുട്ടികൾക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്. 2, 4, 6, 8, 10 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ 2025 ജൂൺ മാസത്തോടുകൂടി കുട്ടികളുടെ കൈകളിൽ എത്തിക്കും.<br><br>മാറിയ പാഠ്യപദ്ധതിക്കനുസരിച്ച് അധ്യാപക പരിശീലന പരിപാടികളും അധ്യാപനശേഷി വർദ്ധിപ്പിക്കുന്നതിനായി ക്ലസ്റ്ററുകളും സംഘടിപ്പിച്ചുവരികയാണ്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന മുഴുവൻ അധ്യാപകരും നിർബന്ധമായും 7 ദിവസത്തെ റസിഡൻഷ്യൽ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതുണ്ട്. വർഷങ്ങൾക്കു ശേഷമാണ് ഹയർസെക്കൻഡറി അധ്യാപകർക്കും, സ്പെഷ്യൽ സ്കൂൾ അധ്യാപകർക്കും സമയബന്ധിതമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്.<br><br>സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനു |

വേണ്ടി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഭാഷാപ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായുള്ള മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, പ്യാരി ഉറുദു, അഹ് ലൻ അറബിക്, സംസ്കൃത മാധുരി തുടങ്ങിയവ പ്രാവർത്തികമാക്കിയതു വഴി കുട്ടികളിൽ ഭാഷാപരമായ കഴിവ് വർദ്ധിച്ചു. പഠന പരിപോഷണ പദ്ധതിയുടെ ഭാഗമായി എലമെന്ററി, സെക്കന്ററി തലത്തിൽ നിരവധി അധിക പഠനസഹായികൾ 8 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് തയ്യാറാക്കിയിട്ടുണ്ട്. ഫിസിക്സ്, കെമിസ്ട്രി, ഗണിതം, ഇക്കണോമിക്സ്, സോഷ്യോളജി, ഹിന്ദി, ജ്യോഗ്രഫി തുടങ്ങിയ വിഷയങ്ങളിൽ തയ്യാറാക്കിയ അധിക പഠന സഹായികൾ കുട്ടികൾക്ക് സഹായകമായിട്ടുണ്ട്.

കൈറ്റിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി 2018 മുതൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിലും 2021 മുതൽ 'വിദ്യാകിരണം' എന്ന പേരിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 2017 മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 45000 സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗം ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി പ്രൈമറി വിഭാഗം ക്ലാസുകളിൽ ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു. കാലഘട്ടത്തിനനുസൃതമായി സാങ്കേതിക വിദ്യയില ധിഷ്ഠിതമായ പഠനപ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിലും നടപ്പിലാക്കുന്നതിനായി ഈ വർഷം മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ നിർമിതബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക അധ്യാപക പരിശീലനങ്ങളും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പഠന പ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഏഴാം ക്ലാസിലെ ഐ.സി.ടി. പാഠപുസ്തകത്തിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രാഥമിക പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസുകളിലെ പരിഷ്കരിച്ച ഐ.സി.ടി. പാഠപുസ്തകങ്ങളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യത ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ അധ്യാപകർക്കും കൈറ്റിന്റെ നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഇന്ത്യയിൽ ആദ്യമായാണ്

| | | | |
|---|---|---|---|
| | | | ഒരു സംസ്ഥാനം ഇത്തരമൊരു പരിപാടി സംഘടിപ്പിക്കുന്നത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സ്കൂളുകളുടെ ഭൗതികസാഹചര്യത്തിൽ വൻ കുതിച്ചു ചാട്ടമാണ് ഉണ്ടായിട്ടുള്ളത്.<br><br>സീമാറ്റിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ വിവിധ തലങ്ങളിൽ നേതൃസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ ഓഫീസർമാരും സ്കൂൾ മേധാവികളും അടക്കമുള്ള വിദ്യാഭ്യാസ പ്രവർത്തകർക്ക് മാനേജ്മെന്റ് വിഷയങ്ങളിലും ലീഡർഷിപ്പിലും അനുബന്ധ മേഖലകളിലും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നയങ്ങൾക്കും ലക്ഷ്യങ്ങൾക്കും അനുസൃതമായി വിഗദ്ധ പരിശീലനം നൽകി വരുന്നു. |
| (ബി) | പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും, മേഖലകൾക്കും വേണ്ടി പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികളിലൂടെ ആർജ്ജിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും പ്രത്യേക<br>പരിഗണനന വേണ്ട പ്രദേശങ്ങളില<br>വിഷയങ്ങൾക്കുമായി സമഗ്രശിക്ഷാ കേരള<br>അനേകം പദ്ധതികൾ നടപ്പിലാക്കിവരുന്ന<br>ട്രൈബൽ മേഖലയിലും തീരദേശ മേഖലയില<br>പ്രത്യേകം വിദ്യാഭ്യാസ പദ്ധതിക<br>ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 8,<br>ക്ലാസുകളിലെ പഠന പിന്നോക്കം നിൽക്കുന്ന<br>കുട്ടികളെ കണ്ടെത്തി അവരെ മുഖ്യധാരയില<br>എത്തിക്കുന്നതിന് ആഴ്ചയിൽ ഒരു ദിവസ<br>അവർ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന<br>വിഷയത്തിൽ പ്രത്യേക പരിശീലനം നൽകു<br>എന്ന ലക്ഷ്യത്തോടെ "ശ്രദ്ധ" എന്ന പദ്ധ<br>നടപ്പിലാക്കി വരുന്നു. കുട്ടികളിൽ ഭാഷ, ശാസ്ത്ര<br>ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം എന്ന<br>വിഷയങ്ങളിൽ അടിസ്ഥാന ശേഷിക<br>വികസിപ്പിക്കുന്നതിനായി മലയാളത്തിളക്ക<br>ഹലോ ഇംഗ്ലീഷ്, ശാസ്ത്രപഥം, സുരീലി ഹിന്ദ<br>ഗണിത വിജയം, ഭൂമിശാസ്ത്ര ലാബുകൾ തുടങ്ങ<br>നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്ന<br>കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന<br>ഹൈടെക് പദ്ധതികൾ, കുട്ടികൾക്കുള<br>പ്രത്യേക ഐ.സി.ടി. അവബോധ ക്ലാസുകള<br>ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ എല്ല<br>പ്രവർത്തനങ്ങളും പിന്നോക്കം നിൽക്കുന്ന<br>കുട്ടികൾക്കും മേഖലകൾക്കും ഉൾപ്പെടെ എല്ല<br>വിഭാഗത്തിനും ഒരുപോലെ പ്രയോജനപ്പെടുന്ന<br>വിധത്തിലാണ് നടപ്പിലാക്കുന്നത്.<br><br>ഗോത്ര മേഖലയിൽ നിലനിൽക്കുന്ന സവിശേഷ<br>വിദ്യാഭ്യാസ പ്രശ്നങ്ങൾ കണ്ടെത്തുന്നതി<br>സർക്കാരിന്റെ രണ്ടാം നൂറു ദിന കർമ<br>പരിപാടിയിൽ ഉൾപ്പെടുത്തി സീമാറ്റ് കേര |

| | | | |
|---|---|---|---|
| | | | നടത്തിയ പഠനത്തിലെ കണ്ടെത്തലുകളുടെയു ശുപാർശകളുടെയും അടിസ്ഥാ നത്തി ഗോത്രമേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങ അനുബന്ധ പ്രതിസന്ധികള സമയബന്ധിതമായി പരിഹരിക്കുന്നതി **സഹ്യകിരണം** എന്ന പേരിൽ ഒ പ്രവർത്തനാശയത്തിന് രൂപം നൽക നടപ്പിലാക്കി വരുന്നു. |
| (സി) | പൊതുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ നേട്ടങ്ങൾ വിശദമാക്കുമോ? | (സി) | പൊതുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തു ന്നതിനായി പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ നേട്ടങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. ഇന്ന് സമൂഹം നേരിടുന്ന വെല്ലുവിളികളെ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിനും സാമൂഹ്യവിഷയങ്ങളിൽ സന്നദ്ധതയോടെ പ്രവർത്തിക്കുന്നതിനുമുള്ള കുട്ടികളുടെ ശേഷിയും ധാരണയും വികസിച്ചു.
2. പഠനയാത്രകൾ, സെമിനാറുകൾ, ഗ്രൂപ്പ് ചർച്ചകൾ, സംവാദങ്ങൾ, പ്രാദേശിക ചരിത്രാന്വേഷണം, പ്രോജക്റ്റ്, വിഭവഭൂപട നിർമ്മാണം തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിന് കുട്ടികൾക്ക് അവസരം ലഭിച്ചു.
3. തന്റെ ജീവിത ചുറ്റുപാടുകളിൽ ലഭിച്ച അറിവുകൾ പ്രയോഗിക്കാനും ജീവിതത്തിൽ അന്വേഷണാത്മക സമീപനം വികസിപ്പിക്കുന്നതിനും പ്രായോഗിക പാഠങ്ങളൊരുക്കി കുട്ടികളുടെ ആത്മ വിശ്വാസം വർദ്ധിപ്പിച്ചു.
4. ഇങ്ങനെ വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ വഴി സ്റ്റെപ്പ്സ് പരിപാടിയിൽ പങ്കെടുത്ത കുട്ടികളുടെ നൈസർഗിക കഴിവുകൾ ശാസ്ത്രീയമനോഭാവം സാമൂഹ്യാവബോധം എന്നിവ വളർത്താനും ജീവിതത്തിൽ ദിശാബോധത്തോടെ ഇടപെടുന്നതിനും കുട്ടികളെ പ്രാപ്തരാക്കി.
5. കുട്ടികളുടെ വായനാശീലവും സർഗ്ഗാത്മക ശേഷിയും വർദ്ധിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ വായനക്കൂട്ടങ്ങൾ രൂപീകരിക്കുകയും വായനയെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത് വരുന്നു. സ്കൂൾ ലൈബ്രറികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കി.
6. കുട്ടികളുടെ ഭാഷാശേഷികൾ വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.
7. കുട്ടികളുടെ സ്വതന്ത്രരചനയും സർഗാത്മകതാരചനയും പ്രോത്സാഹിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.
8. ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, കല എന്നീ വിഷയങ്ങളിൽ കുട്ടികളുടെ നൂതനാശയ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞു.
9. വർണ്ണക്കൂടാരം പദ്ധതിപ്രകാരം ആയിരത്തിലധികം പ്രീസ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്.
10. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ മറ്റ് കുട്ടികളോടൊപ്പം വിവിധ കായിക ഇനത്തിൽ പങ്കെടുത്ത് കായിക നൈപുണി വികസിപ്പിക്കുന്നതിന് സാധിച്ചു.
11. ടിങ്കറിംഗ് ലാബുകൾ വഴി കുട്ടികളുടെ നിർമ്മിത ബുദ്ധി, ഉപകരണങ്ങളുടെ സഹായത്തോടെ സ്വയം ചെയ്തു പഠിക്കാനുള്ള കഴിവ് എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു.
12. ഇംഗ്ലീഷ്, മലയാളം ഹിന്ദി എന്നീ ഭാഷകളിൽ കുട്ടികളുടെ പ്രാവീണ്യം വർദ്ധിച്ചു.
13. കുട്ടികളുടെ ഗണിതപഠനശേഷി പരിപോഷിപ്പിക്കുന്നതിനും പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനും സാധിച്ചു.
14. കുട്ടികൾക്ക് കാലാവസ്ഥാ പഠനത്തെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും ശാസ്ത്രീയമായ അറിവ് നേടാൻ കഴിഞ്ഞു.
15. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ ഉൾപ്പെട്ട 18 ലക്ഷം ഹൈസ്കൂൾ കുട്ടികൾക്ക് വൈവിധ്യമാർന്ന സാങ്കേതിക പരിശീലനങ്ങൾക്ക് അവസരം ലഭിക്കുന്നു.
16. പൊതുജനങ്ങൾക്ക് ഡിജിറ്റൽ സാക്ഷരത, വ്യാജവാർത്തകൾ തിരിച്ചറിയുന്നതിനുള്ള പരിശീലനം തുടങ്ങിയവ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ നൽകുന്നതിലൂടെ കുട്ടികളിൽ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.
17. ഹൈടെക് ഉപകരണങ്ങളുടെ സഹായത്താൽ ഭാഷാ നൈപുണികൾ വർദ്ധിപ്പിക്കാൻ ഇ-ലാംഗ്വേജ് ലാബ് സഹായകമാകുന്നു.
18. സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് അവസരം ലഭിക്കുന്നതിലൂടെ പങ്കുവയ്ക്കലിന്റെ സ്വാതന്ത്ര്യം എന്ന മൂല്യബോധം ഉണ്ടാകുന്നു

Sd/-

സെക്ഷൻ ഓഫീസർ